# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3859** **19.03.2018-ൽ മറുപടിക്ക്**

**ഹെഡ് മാസ്റ്റർ തസ്തികയില്ലാത്ത കുളിയാട് ഗവ: ഹൈസ്കൂൾ**

ചോദ്യം

**ശ്രീ. എം.രാജഗോപാലൻ**

**ഉത്തരം**

പ്രൊഫ: സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത മികച്ച നിലയിൽ പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലയിലെ കുളിയാട് ഗവ: ഹൈസ്കൂളിൽ ഹെഡ് മാസ്റ്റർ തസ്തിക അനുവദിക്കാത്തത് മൂലം നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) പ്രസ്തുത വിദ്യാലയത്തിൽ ഹെഡ് മാസ്റ്റർ തസ്തിക എന്നേയ്ക്ക് സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

എ) യും ബി) യും ഉണ്ട്. ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കാത്തതും നിലവിൽ പൂർണ്ണ ഹൈസ്കൂളായി സംസ്ഥാന സർക്കാർ ഉയർത്തിയ ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം, കാസറഗോഡ് ജില്ലകളിലെ 28 സ്കൂളുകളിൽ പ്രഥമ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ കുളിയാട് ഗവൺമെൻറ് ഹൈസ്കൂളും ഉൾപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ